# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAKKD/P8/488/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 23/03/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAKKD/P8/488/2021 തീയ്യതി: 23/03/2021

## കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-10-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം. വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ | 03-03-2021 | 15-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-03-2021 | 15-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ശ്യാംജിത്ത്. എം. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ദിശ. ആർ കെ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അനൂപ് കെ വി. ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കരുണാകരൻ കൂമുള്ളി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| | | | |

| | | | |
|---|---|---|---|
| ശ്രീ. ഫൗലാദ്.എ).എഫ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 24-04-2019 |
| | | 12-07-2019 | 14-07-2019 |
| രാധിക എൻ ആർ | സെക്രട്ടറി | 15-07-2019 | 22-07-2019 |
| അബ്ദുനാസർ | സെക്രട്ടറി | 23-07-2019 | 02-12-2019 |
| സുമേഷ് കെ | സെക്രട്ടറി | 25-04-2019 | 11-07-2019 |
| പ്രകാശൻ പി കെ | സെക്രട്ടറി | 03-12-2019 | 22-12-2019 |
| സുജിത്ത് ടി വി | സെക്രട്ടറി | 23-12-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഫൗലാദ്.എ).എഫ് | അസി. സെക്രട്ടറി | 01-04-2019 | 22-07-2019 |
| പ്രകാശ് പി കെ | അസി. സെക്രട്ടറി | 25-07-2019 | 31-03-2020 |
| ശ്രീമതി. വിദ്യാബാബു | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ഷബ്ന.എൻ.കെ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ. വിദ്യാബാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 17-08-2019 |
| ഡോ. ശിവപ്രസാദ് വി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 17-08-2019 | 31-03-2020 |
| ശ്രീമതി. സ്മിത | വില്ലേജ് എക്സറ്റൻഷൻ ഓഫീസർ | 01-04-2019 | 06-07-2019 |
| ശ്രീമതി. സുധ | വില്ലേജ് എക്സറ്റൻഷൻ ഓഫീസർ | 06-06-2019 | 31-03-2020 |
| ശ്രീമതി. ഗിരിജ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ. മുരളീധരൻ.ഒ | അസി. എഞ്ചിനീയർ | 01-04-2019 | 30-07-2019 |
| ശ്രീമതി. സുമിത.കെ | അസി. എഞ്ചിനീയർ | 27-08-2019 | 31-03-2020 |
| ശ്രീ. രവീന്ദ്രൻ വള്ളിൽ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി. സംനഗോപൻ | ഫിഷറീസ് ഓഫീസർ | 01-04-2019 | 04-06-2019 |
| ശ്രീ. ശാന്തകുമാർ | ഫിഷറീസ് ഓഫീസർ | 17-06-2019 | 18-10-2019 |
| ശ്രീ.അനിൽ കുമാർ കെ എം | ഫിഷറീസ് ഓഫീസർ | 18-10-2019 | 31-03-2020 |
| ശ്രീ. ഫാസിൽ | അസി. എഞ്ചിനീയർ(ഇൻ ചാർജ്ജ്) | 01-08-2019 | 08-08-2019 |

| | | | |
|---|---|---|---|
| ശ്രീമതി. ഷീജ സി | അസി. എഞ്ചിനീയർ | 08-08-2019 | 26-08-2019 |
| ഷാജു.ബി | വി ഇ ഒ | 01-04-2019 | 04-02-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shyamjith M (Asst. Audit Officer, On 09-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Anoop.K.V (Auditor, On 09-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Anoop.K.V (Auditor, On 09-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-3 |
| 4 | ഫണ്ട് വിവരങ്ങൾ<br>Written By: Anoop.K.V (Auditor, On 14-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Shyamjith M (Asst. Audit Officer, On 09-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shyamjith M (Asst. Audit Officer, On 09-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Anoop.K.V (Auditor, On 09-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ്<br>Written By: Anoop.K.V (Auditor, On 09-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം -അപാകതകൾ<br>Written By: Shyamjith M (Asst. Audit Officer, On 09-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-9 |
| 10 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നില്ല<br>Written By: Anoop.K.V (Auditor, On 10-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-10 |
| 11 | കെട്ടിടങ്ങളുടെ ക്രമവത്കരണം വർദ്ധിക്കുന്നു<br>Written By: Anoop.K.V (Auditor, On 10-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-11 |
| 12 | അനധികൃത കെട്ടിടത്തിന്മേൽ നടപടികൾ സ്വീകരിച്ചിട്ടില്ല<br>Written By: Anoop.K.V (Auditor, On 10-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-12 |
| 13 | പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകങ്ങൾ<br>Written By: Shyamjith M (Asst. Audit Officer, On 14-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-13 |
| 14 | തിയ്യതി രേഖപ്പെടുത്താതെ പൊതുമരാമത്ത് കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നല്കുന്നു.<br>Written By: Shyamjith M (Asst. Audit Officer, On 14-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-13-1 |
| 15 | പൊതുമരാമത്ത് കരാർ ഒപ്പിടുന്നതിൽ കാലതാമസം.<br>Written By: Shyamjith M (Asst. Audit Officer, On 14-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-13-2(I) |
| 16 | പൊതുമരാമത്ത് കരാർ ഒപ്പിടുന്നതിൽ കാലതാമസം.<br>Written By: Shyamjith M (Asst. Audit Officer, On 14-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-13-2(Ii) |
| 17 | പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം - കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല. | 1-13-3(I) |

| | | |
|---|---|---|
| | Written By: Shyamjith M (Asst. Audit Officer, On 14-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | |
| 18 | പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം - കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല.<br>Written By: Shyamjith M (Asst. Audit Officer, On 14-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-13-3(Ii) |
| 19 | അഡീഷനൽ പെർഫോർമൻസ് ഗ്യാരന്റി നിർദ്ദിഷ്ട നിരക്കിൽകരാറുകാരനിൽ നിന്നും ഈടാക്കിയില്ല.<br>Written By: Shyamjith M (Asst. Audit Officer, On 14-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-13-4 |
| 20 | ജി.എസ്.ടി ഈടാക്കിയില്ല.<br>Written By: Shyamjith M (Asst. Audit Officer, On 14-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-13-5(I) |
| 21 | ജി.എസ്.ടി ഈടാക്കിയില്ല.<br>Written By: Shyamjith M (Asst. Audit Officer, On 14-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-13-5(Ii) |
| 22 | ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല – പൂർത്തീകരിക്കുന്ന പ്രവൃത്തികൾ പഞ്ചായത്തിന്റെ ആസ്തികളിൽ തന്നെയാണോ എന്നത് ഉറപ്പ് വരുത്താൻ കഴിയുന്നില്ല .<br>Written By: Shyamjith M (Asst. Audit Officer, On 14-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-13-6 |
| 23 | തെരുവ് വിളക്കുകളുടെ പരിപാലനം - അപാകങ്ങൾ<br>Written By: Shyamjith M (Asst. Audit Officer, On 14-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-14 |
| 24 | എസ്സ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചില്ല.<br>Written By: Disha R.K (Asst. Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-15 |
| 25 | ബഡ്സ്റീഹാബിലിറ്റേഷൻ സെന്റർ- അടിസ്ഥാന സൌകര്യം ഇല്ല<br>Written By: Disha R.K (Asst. Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-16 |
| 26 | അങ്കണവാടി പ്രവർത്തകർക്ക് ഹോണറേറിയം. വിശദ വിവരങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: Disha R.K (Asst. Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-17 |
| 27 | ഹരിതകേരള മിഷന്റെ ലക്ഷ്യങ്ങൾ നിറവേറ്റപ്പെടുന്നില്ല.<br>Written By: Disha R.K (Asst. Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-18 |
| 28 | കൃഷി മോണിറ്റർ ചെയ്യപ്പെടുന്നില്ല.<br>Written By: Disha R.K (Asst. Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-19 |
| 29 | കെൽട്രോണിൽനിന്നും സമയപരിധിക്കകം കമ്പ്യൂട്ടർ - അനുബന്ധ ഉപകരണങ്ങൾ എന്നിവ ലഭ്യമാവുന്നില്ല<br>Written By: Disha R.K (Asst. Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-20 |
| 30 | കമ്പ്യൂട്ടർ - അനുബന്ധ ഉപകരണങ്ങൾ എന്നിവ ലഭ്യമാവുന്നില്ല<br>Written By: Disha R.K (Asst. Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-20-1 |
| 31 | കമ്പ്യൂട്ടർ - അനുബന്ധഉപകരണങ്ങൾ എന്നിവ ലഭ്യമാവുന്നില്ല<br>Written By: Disha R.K (Asst. Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 1-20-2 |

**ഭാഗം 2**

--- No Records Found ---

| | | |
|---|---|---|
| **ഭാഗം 3** | | |
| 1 | പൊതുമരാമത്ത് കരാർ ഒപ്പിടുന്നതിൽ കാലതാമസം.<br>Written By: Shyamjith M (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 3-1(I) |
| 2 | പൊതുമരാമത്ത് കരാർ ഒപ്പിടുന്നതിൽ കാലതാമസം.<br>Written By: Shyamjith M (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 3-1(Ii) |
| 3 | പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം - കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല.<br>Written By: Shyamjith M (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 3-2(I) |
| 4 | പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം - കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല.<br>Written By: Shyamjith M (Asst. Audit Officer, On 16-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 3-2(Ii) |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Anoop.K.V (Auditor, On 09-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Anoop.K.V (Auditor, On 09-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Anoop.K.V (Auditor, On 09-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Anoop.K.V (Auditor, On 09-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Anoop.K.V (Auditor, On 09-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Anoop.K.V (Auditor, On 09-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Anoop.K.V (Auditor, On 09-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Anoop.K.V (Auditor, On 09-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Anoop.K.V (Auditor, On 09-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Anoop.K.V (Auditor, On 09-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Anoop.K.V (Auditor, On 09-03-2021)<br>Last Updated By: Vasudevan M (Deputy Director, On 23-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്.

സ്ഥാപനത്തിന്റെ ബജറ്റ് നിയമപരമായ സമയക്രമം പാലിച്ചുകൊണ്ട് തന്നെ തയ്യാറാക്കി ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 07.02.19 തീയതിയിലെ യോഗത്തിൽ കരട് ബജറ്റ് അംഗീകരിച്ച് ഭരണസമിതിക്ക് സമർപ്പിക്കാൻ തീരുമാനിക്കുകയും, 11.2.19 ലെ പഞ്ചായത്ത് ഭരണ സമിതിയുടെ സാധാരണ യോഗത്തിൽ കരട് ബജറ്റ് നിർദ്ദേശങ്ങൾ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുകയും ചെയ്തു. തുടർന്ന് 12.2.2019ലെ ഭരണസമിതിയുടെ സാധാരണ യോഗത്തിലെ തീരുമാനം നമ്പർ 28/19 പ്രകാരം വാർഷിക ബജറ്റ് നിർദ്ദേശങ്ങൾ മാറ്റങ്ങളൊന്നുമില്ലാതെ അംഗീകരിച്ചു. പ്രസ്തുത ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 3934470 |
| വരവ് | 190336175 |
| ആകെ | 194270645 |
| ചെലവ് | 189560175 |
| നീക്കിയിരിപ്പ് | 4710470 |

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 06.03.2020 ലെ 46/20 നമ്പർ തീരുമാനംപ്രകാരം അംഗികരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റും യഥാർത്ഥത്തിൽ ഉള്ളതുമായ വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിൽ ഉള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 5043517 | 10147501 | 5103984 | 0 | +49 |
| വരവ് | 184056087 | 103182596 | 0 | 89873491 | -44 |
| ആകെ | 189099604 | 113330097 | 0 | 75769507 | -40 |
| ചെലവ് | 184513484 | 99886097 | 0 | 84627387 | -45 |
| നീക്കിയിരിപ്പ് | 4586120 | 13444000 | 8857880 | 0 | +293 |

### 1-2 വാർഷിക ധനകാര്യപത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 02.06.2020 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ , ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല,

2. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3. ബാലൻസ് ഷീറ്റ് ബി-14 പ്രകാരം Clossing Stock-Store ആയി 13911/- രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ ഈ തുക കണക്കാക്കിയ വർക്ക്ഷീറ്റ് തയ്യാറാക്കിയിട്ടില്ല

4. ക്യൂ ബില്ലാകുന്ന തുകകൾ ലയബിലിറ്റി ഹെഡിലേക്ക് മാറ്റിയിട്ടില്ല.

5.ആസ്തികളുടെ തേയ്മാനം സംബന്ധിച്ച രേഖകളില്ല:-വാർഷിക കണക്ക് ബാലൻസ് ഷീറ്റിലെ ബി 11 ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ മൂല്യം തേയ്മാനം രേഖപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം തേയ്മാന മൂല്യം കണക്കാക്കുന്നതിന് ആധാരമാക്കിയ ആസ്തിയുടെ മുഖവില, ആസ്തിയുടെ ആയുസ്സ് എന്നിവയെ സംബന്ധിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ നടപടി ക്രമങ്ങൾക്ക് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അനുമതി ലഭിച്ചതായും കാണുന്നില്ല.

6.വിവിധ സാമൂഹ്യക്ഷേമ പദ്ധതികളുടെ ചെലവുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

| പെൻഷൻ ഇനം | യഥാർത്ഥ ചെലവ് (സേവന സോഫ്റ്റ് വെയർ പ്രകാരം) | വാർഷിക കണക്ക് പ്രകാരം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 5127000 | 3664200 |
| വിധവാ പെൻഷൻ | 8988000 | 6607200 |
| വാർദ്ധക്യകാല പെൻഷൻ | 13116600 | 9281400 |
| വികലാംഗ പെൻഷൻ | 2906300 | 2066300 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1178400 | 849600 |

7. ജനനമരണ വിവാഹ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സ്ഥാപനം കൈപ്പറ്റുന്ന അപേക്ഷാ ഫീ , രജിസ്ട്രേഷൻ ഫീ, പിഴ, പകർപ്പ് ഫീ എന്നീ വരവുകൾ രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ സ്ഥാപനം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ മേൽ പരാമർശിച്ച വിഷയങ്ങളുമായി ബന്ധപ്പെട്ട ശീർഷകങ്ങളിലെ വരവ് ചെലവുകൾ പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. രജിസ്റ്ററുകൾ തയ്യാറാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

8. മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിച്ച് നടപ്പാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ചെലവിനങ്ങൾ '4'-ൽ തുടങ്ങുന്ന ആസ്തി ഹെഡുകളിലേക്ക് ബുക്ക് ചെയ്യുന്നതായി കാണുന്നു . ഒരു ഉദാഹരണം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 185/20 |
| പ്രോജക്ട് | പരപ്പിൽകുനി - കാന്ത്യാപറമ്പത്ത് റോഡ് |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| ചെലവഴിച്ച തുക | 3 ലക്ഷം രൂ |
| ട്രഷറി ബിൽ നമ്പർ, തിയ്യതി, തുക | 52/18.01.2020, 3 ലക്ഷം രൂപ |

ഈ തുക ഡെബിറ്റ് ചെയ്തിരിക്കുന്നത് എന്ന 410300102 അസറ്റ് ഹെഡിലേക്കാണ് .

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10147501.7 |
| ഓഡിറ്റ് വർഷത്തെ വരവ് | 56168272 |
| ആകെ | 66315773.72 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 52871773 |
| നീക്കിയിരിപ്പ് | 13444000.72 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 14325 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

## 1-4 ഫണ്ട് വിവരങ്ങൾ

ഫണ്ട് വിവരങ്ങൾ (ACR പ്രകാരം)

| ക്രമ നം | ഫണ്ട് ഇനം | മുന്നിരിപ്പ് (രൂ) | വരവ് (രൂ) | ആകെ (രൂ) | ചെലവ് (രൂ) | നീക്കിയിരിപ്പ് (രൂ) | കുറിപ്പ് |
|---|---|---|---|---|---|---|---|
| 1. | വികസന ഫണ്ട് (ജനറൽ) | 0 | 10925700 | 10925700 | 10871700 | 54000 | |
| 2. | വികസന ഫണ്ട് (SCP) | 0 | 3421294 | 3421294 | 1916238 | 1505056 | |
| 3. | വികസന ഫണ്ട് (TSP) | ഇല്ല | | | | | |
| 4. | MG (Road) | 0 | 12827000 | 12827000 | 8097790 | 4729210 | |
| 5. | MG (Non Road) | 0 | 3827000 | 3827000 | 1768011 | 2058989 | |
| 6. | CFC | 0 | 9378312 | 9378312 | 2903664 | 6474648 | |
| 7.(A) | കേന്ദ്രാവിഷ്കൃതം- ICDS കേന്ദ്ര വിഹിതം | 1043246 | 812095 | 1855341 | 1439165 | 41676 | |
| 7(B) | സ്വച്ഛ് ഭാരത് | 422994 | 0 | 422994 | 0 | 422994 | |
| 8. (A) | സംസ്ഥാനാവിഷ്കൃതം ലൈഫ് മിഷൻ | 0 | 3386834 | 3386834 | 3386834 | 0 | |
| (B) | Buds Infra Structure | 1250000 | 0 | 1250000 | 152761 | 1097239 | |
| (C) | കേരളോത്സവം | 0 | 20000 | 20000 | 20000 | 0 | |
| (D) | ശുചിത്വ മിഷൻ | 107975 | 1000000 | 1107975 | 0 | 1107975 | |
| (E) | വിമുക്തി | 29345 | 0 | 29345 | 720 | 28625 | |
| (F) | ആശ്രയ | 752283 | 0 | 752283 | 752283 | 0 | |
| (G) | NREGA -State Share തൊഴിലാളികൾക്ക് ഓണം അലവൻസ് | 0 | 289000 | 289000 | 289000 | 0 | |
| | ആകെ നീക്കിയിരിപ്പ് | | | | | 17520412 | |

ക്രമ നമ്പർ 1 മുതൽ 6 വരെയുള്ള ഫണ്ടുകളിലെ നീക്കിയിരിപ്പ് തുകകളുടെ ആകെ = 14821903 രൂ

(A)

31.03.2020 തിയ്യതിയിൽ ക്യൂ - ബിൽ ആകെ തുക = 7147716 രൂ (B)

2019-20 വർഷാവസാനം ലാപ്സ് ആയ തുക = (A) – (B) = 7674187 രൂ

സ്ഥാപനത്തിൽ ലഭ്യമായിട്ടുള്ള സാംഖ്യ എ.സി.ആർ, വാർഷിക കണക്കുകൾ എന്നിവ അടിസ്ഥാനമാക്കിയാണ് മേൽ കണക്കുകൾ തയ്യാറാക്കിയത്. ഐ.കെ.എം വിഭാഗം തയ്യാറാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പല അപാകങ്ങളും ഉള്ളതായി കാണുന്നു. അവ താഴെപ്പറയും പ്രകാരം ശ്രദ്ധയിൽപ്പെടുത്തുന്നു .

1. ഐ.കെ.എം തയ്യാറാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 വർഷത്തിൽ വികസന ഫണ്ട് (ജനറൽ) ഇനത്തിൽ 12213000/- രൂപ ചെലവുള്ളതായാണ് കാണിച്ചിരിക്കുന്നത്. കൂടാതെ ഈ ഇനത്തിൽ നീക്കിയിരിപ്പ് (-) 1287300/- രൂപ ആണ്. ഐ.കെ.എം. തയ്യാറാക്കിയ 2019-20 വർഷത്തെ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരവും ആകെ ചെലവ് 12213000/- രൂപയാണ്. ഇത് ശരിയല്ല. തൻവർഷത്തെ എ.സി.ആർ. പ്രകാരം ഈ ഇനത്തിൽ 10871700/- രൂപ ആണ് ചെലവുള്ളത്. നീക്കിയിരിപ്പ് 54000/- രൂപയാണ് .

2. ഗ്രാന്റ് സ്റ്റേറ്റുമെന്റിൽ വികസന ഫണ്ട് (എസ്.സി.പി) എന്ന ഇനത്തിൽ 1930944/- രൂപ ചെലവും 1490350/- രൂപ നീക്കിയിരിപ്പുമാണ്. എന്നാൽ തൻവർഷത്തെ എ.സി.ആർ പ്രകാരം ഈ തുകകൾ യഥാക്രമം 1916238/- രൂപയും 1505056/- രൂപയുമാണ് .

3. സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ ലൈഫ് മിഷൻ, ശുചിത്വ മിഷൻ പോലുള്ളവയിലും ഗ്രാന്റ് സ്റ്റേറ്റുമെന്റ് പ്രകാരം നല്കിയിരിക്കുന്ന തുകകൾ എ.സി.ആറിൽ (Manual) നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.

4. ആശ്രയ, വിമുക്തി, സ്വച്ഛ് ഭാരത് പോലുള്ള ചെലവിനങ്ങളുടെ വിശദാംശങ്ങൾ ഐ.കെ.എം. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് | അടങ്കൽ | ചെലവ് | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 200 | 74266701 | 40310518 | 86 | 70 | 44 | 43% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3696.22 | 1148074 | 1151770 | 1145477 | 6293.22 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 27354477 | 27354477 | 27354477 | 0 |

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കുവാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച തൊഴിലുറപ്പ് പദ്ധതിയുടെ പഞ്ചായത്ത് തലത്തിലെ പ്രവർത്തനങ്ങൾ, നൽകുന്ന സേവനങ്ങൾ തുടങ്ങിയവയുടെ തൻവർഷത്തെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ വാർഡുകളുടെ എണ്ണം | 17 |
| ഗ്രാമപഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ എണ്ണം | 6810 |
| തൊഴിലുറപ്പ് പദ്ധതിക്കായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4619 |
| തൻവർഷം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 1459 |
| തൻവർഷം 100 ദിവസം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 127 |
| ഒരു കുടുംബത്തിന് തൻവർഷത്തിൽ നൽകിയ തൊഴിൽ ദിനങ്ങളുടെ ശരാശരി | 60.89 |
| ഷെൽഫ് ഓഫ് പ്രൊജക്ട് പ്രകാരം തൻവർഷത്തെ പദ്ധതികളുടെ എണ്ണം | 501 |
| വകയിരുത്തിയ തുക | 3,.60,00,000 |
| നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | 182 |
| കൂലിയിനത്തിലെ ചെലവ് (അൺ സ്കിൽഡ് ) | 24322000 |
| കൂലിയിതരയിനത്തിലെ ചെലവ് (സ്കിൽഡ്) | 342000 |
| തൊഴിലുപകരണങ്ങൾ വാടകയ്ക്കു നൽകി തൻവർഷം ലഭിച്ച തുക | ഇല്ല |

| | |
|---|---|
| ലേബർ ബജറ്റ് പ്രകാരമുള്ള ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 2729600 |
| ലേബർ ബജറ്റ് പ്രകാരമുള്ള ആകെ ചെലവ് | 2729600 |

1-7 ക്ഷേമ പദ്ധതികൾ

| പെൻഷൻ ഇനം | യഥാർത്ഥ ചെലവ് (സേവന സോഫ്റ്റ് വെയർ പ്രകാരം) | വാർഷിക കണക്ക് പ്രകാരം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 5127000 | 3664200 | 112 |
| വിധവാ പെൻഷൻ | 8988000 | 6607200 | 1203 |
| വാർദ്ധക്യകാല പെൻഷൻ | 13116600 | 9281400 | 2041 |
| വികലാംഗ പെൻഷൻ | 2906300 | 2066300 | 396 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1178400 | 849600 | 156 |
| തൊഴിൽരഹിത വേതനം | -- | 101640 | 112 |
| വിവാഹ ധനസഹായം | -- | 210000 | 7 |

ഗ്രാമപഞ്ചായത്തിൽ സാമ്പത്തികവർഷത്തിൽ ലഭിച്ച വിവിധ ക്ഷേമപെൻഷനുകൾ, തൊഴിൽരഹിതവേതനം, വിവാഹധനസഹായം എന്നിവയുടെ അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈകൊള്ളുന്നതിൽ പഞ്ചായത്ത് ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്.

1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.03.2021ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ലെന്ന് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം -അപാകതകൾ

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടു പോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. എന്നിരുന്നാലും ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളിൽ നിന്ന് ബോധ്യപ്പെടുന്നു.

1.വിശദമായ ഓഫീസ് ഓർഡർ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ മേൽ ചുമതലകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധന നടത്തിയിട്ടില്ല.

2. നികുതി പിരിവ് പുരോഗതിക്കായി ചുമതലകൾ വിഭജിച്ചു നൽകുകയും കൃത്യമായി നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്.

3. പ്രതിമാസ വരവ് ചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചു പോരുന്നതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

4. വൗച്ചറുകൾ എല്ലാം തന്നെ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

5.ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് ബൈൻഡ് ചെയ്ത് അധികാരപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡയറിയിൽ തപാലുകൾ ബന്ധപ്പെട്ട സെക്ഷനുകളിലേക്ക് കൈമാറുന്നതിൽ കവിഞ്ഞുള്ള കോളങ്ങൾ പൂരിപ്പിക്കുന്നില്ല.

6. ഓഡിറ്റിന് ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
7. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ - രജിസ്റ്റർ പ്രിന്റെടുത്ത് ബൈന്റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഡിമാന്റ് പ്രകാരം പിരിച്ചെടുത്ത രശീതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല .

8. ജനന മരണ രജിസ്ട്രേഷൻ- ജനനമരണ വിവാഹ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സ്ഥാപനം കൈപ്പറ്റുന്ന അപേക്ഷാ ഫീ, രജിസ്ട്രേഷൻ ഫീ, പിഴ, പകർപ്പ് ഫീ എന്നീ വരവുകൾ രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ സ്ഥാപനം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ മേൽ പരാമർശിച്ച വിഷയങ്ങളുമായി ബന്ധപ്പെട്ട ശീർഷകങ്ങളിലെ വരവ് ചെലവുകൾ പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. രജിസ്റ്ററുകൾ തയ്യാറാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

9.സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാൻ ഉണ്ടെങ്കിലും ബജറ്റ് തയ്യാറാക്കിയിട്ടില്ല.

## 1-10 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നില്ല

1996 ലെ കേരള പഞ്ചായത്തി രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് രജിസ്റ്റർ പ്രകാരം 2019-20 വർഷത്തിൽ ആകെ 367 സ്ഥാപനങ്ങൾ (ട്രേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷൻ ഉൾപ്പെടെ) ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ 2019-20 ലെ ട്രേഡേഴ്സ് ലിസ്റ്റിൽ ആകെ 291 സ്ഥാപനങ്ങൾ (ട്രേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷൻ ഉൾപ്പെടെ) മാത്രമാണുള്ളത്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. ട്രേഡേഴ്സ് ലിസ്റ്റ് വർഷാവർഷങ്ങളിൽ ഫീൽഡ് തല പരിശോധന നടത്തി പുതുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 കെട്ടിടങ്ങളുടെ ക്രമവത്കരണം വർദ്ധിക്കുന്നു

ബിൽഡിംഗ് പെർമിറ്റ്, കംപ്ലീഷൻ, ക്രമവത്കരണം എന്നിവയുമായി ബന്ധപ്പെട്ട് പെർമിറ്റ് രജിസ്റ്റർ, ന്യൂ കൺസ്ട്രക്ഷൻ രജിസ്റ്റർ, റെഗുലറൈസേഷൻ രജിസ്റ്റർ, ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ, ക്രമവത്കരണ അപേക്ഷകൾ, എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, റെഗുലറൈസേഷൻ രജിസ്റ്റർ എന്നിവ പ്രകാരം 2019-20 ൽ ആകെ ലഭിച്ച 253 അപേക്ഷകളിൽ 74 എണ്ണവും ക്രമവത്കരണത്തിനുള്ളതാണ്. 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ, ചട്ടം 138 ൽ കെട്ടിടങ്ങളുടെ ക്രമവത്കരണം നടത്തുന്നതിന് സെക്രട്ടറിക്കുള്ള അധികാരങ്ങൾ വ്യക്തമാക്കുന്നതിനൊപ്പം അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തടയുന്നതിൽ സെക്രട്ടറിക്ക് ചട്ട പ്രകാരമുള്ള ഉത്തരവാദിത്തം ഒഴിവാക്കപ്പെടുന്നില്ലെന്ന് പരാമർശിക്കുന്നുണ്ട്. എന്നാൽ മേൽ ഉത്തരവാദിത്തം പഞ്ചായത്ത് പരിധിയിൽ പൂർണ്ണമായി നടപ്പിലാക്കപ്പെട്ടിട്ടില്ലെന്നാണ് ഈ ഇനത്തിൽ ലഭ്യമാവുന്ന അപേക്ഷകളുടെ എണ്ണം സൂചിപ്പിക്കുന്നത്. തണ്ണീർത്തടങ്ങളും, Costal Regulation Zone- കളും ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തിൽ പെർമിറ്റില്ലാതെ നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾ, നിർമ്മാണ ഘട്ടത്തിൽ തന്നെ ഫീൽഡ് പരിശോധയിലൂടെ തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. അനധികൃത നിർമ്മാണങ്ങൾ വർദ്ധിക്കുന്നതിന് ഇത് കാരണമാകുന്നു. അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തടയുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 അനധികൃത കെട്ടിടത്തിന്മേൽ നടപടികൾ സ്വീകരിച്ചിട്ടില്ല

പരിശോധനയ്ക്ക് ഹാജരാക്കിയ റെഗുലറൈസേഷൻ രജിസ്റ്റർ , ക്രമവത്കരണ അപേക്ഷകൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ 2-ാംവാർഡിൽ റീസർവ്വെ നം. 23/1ഡി1 ൽപ്പെട്ട സ്ഥലത്ത് ശ്രീമതി. ജയന്തി, ശ്രീ. എൻ.മിഥുൻ തുടങ്ങിയവരുടെ ഉടമസ്ഥതയിൽ 2007-08 വർഷം നിർമ്മാണം പൂർത്തിയാക്കിയ 1060.58 ച.മീറ്റർ (GF- 530.29ച.മീ + FF- 530.29ച.മീ) വിസ്തീർണ്ണമുള്ള ബാർഹോട്ടലിന്റെ (കെട്ടിട നം. 2/198 & 2/199) രണ്ടാം നിലയിൽ 2016 ഒക്ടോബറിന് മുൻപ് നിർമ്മാണം പൂർത്തിയാക്കി റസ്റ്റോറന്റായി ഉപയോഗിച്ച വരുന്ന 576.02 ച.മീ. ( SF-530.29 ച.മീ + Stair Tower- 45.73ച.മീ) വിസ്തീർണ്ണമുള്ള കെട്ടിടം നാളിതുവരെയായി ക്രമവത്കരണം നടത്തിയിട്ടില്ലെന്ന് കാണുന്നു.

അനധികൃത നിർമ്മാണം ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന്, മേൽ നിർമ്മാണം ക്രമവത്കരിക്കാൻ 31.05.2019 ന് പഞ്ചായത്ത് നൽകിയ എ3-4254/2019 നമ്പറിലുള്ള നോട്ടീസിന്റെ അടിസ്ഥാനത്തിൽ കെട്ടിട ഉടമകൾ 09.07.2019 ന് അപേക്ഷ സമർപ്പിക്കുകയുണ്ടായി. എന്നാൽ അസി.എഞ്ചിനീയറുടെ പ്രാഥമിക പരിശോധനയുടെ അടിസ്ഥാനത്തിൽ FAR, Coverage Calculation എന്നിവയിൽ അടുത്ത പ്ലോട്ട്കൂടി ഉൾപ്പെടുത്തി കാണിച്ചിരിക്കുന്നതിനാലും, കെട്ടിടത്തിൽ റൂൾ 38(2) പ്രകാരം പാർക്കിംഗ് അതേ പ്ലോട്ടിൽ ഇല്ലാത്തതിനാലും ഗ്രാമപഞ്ചായത്തിന്റെ 25.9.19 ലെ എ3-5116/16/ആർ സി.20/2019-20 നമ്പർ നോട്ടീസ് മുഖേന മേൽ അപേക്ഷ നിരസിക്കുകയുണ്ടായി. ആയതിന് ശേഷം ഉടമസ്ഥർ 13.01.2020 ന് ക്രമവത്കരണത്തിനായി വീണ്ടും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മൊത്തം 1636.60 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് KPBR ചട്ടം 38 പ്രകാരം ആവശ്യമായ പാർക്കിംഗ് സൗകര്യം 28 എണ്ണമാണെങ്കിലും നിലവിൽ ലഭ്യമായ പാർക്കിംഗ് സൗകര്യം 5 എണ്ണം മാത്രമാണ്. ഇത്തരത്തിലുള്ള ചട്ടലംഘനങ്ങൾ അധിക ഫീസോടു കൂടി ക്രമവത്കരിക്കാൻ 20.2.2018 ലെ Kerala Panchayat Building ( Regularisation Of Unauthorised Construction) Rules-2018 ചട്ടങ്ങൾ പ്രകാരം അവസരം ഉണ്ടായിരുന്നിട്ടും ആയത് ഉപയോഗപ്പെടുത്താതെ പ്രസ്തുത കെട്ടിടം നിലവിലും നിയമവിരുദ്ധമായി പ്രവർത്തിച്ച വരുന്നതിനാൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുമെന്ന് 04.11.2020 ലെ എ3-228/20 നമ്പറിലുള്ള കത്ത് മുഖേന സെക്രട്ടറി ഉടമസ്ഥരെ അറിയിക്കുകയും ആയതിന് ഉടമസ്ഥരിൽ നിന്ന് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ കെട്ടിടത്തിന് U.Aനമ്പർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സെക്രട്ടറി ഫയലിൽ ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുടർ നടപടികൾ ഒന്നും
തന്നെ സ്വീകരിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്തീരാജ് (വസ്തുനികുതിയും ഉപസേവനനികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 20 വ്യവസ്ഥ ചെയ്യും പ്രകാരം പ്രസ്തുത കെട്ടിടത്തിന്മേൽ വസ്തുനികുതി നിർണ്ണയിക്കേണ്ടുന്നതിന് മാത്രം അത് നിയമാനുസൃതമല്ലാത്ത കെട്ടിടമാണെന്ന് സൂചിപ്പിക്കുന്ന UA എന്നും, അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി, നമ്പർ നൽകി വസ്തുനികുതി ഈടാക്കേണ്ടതാണ്. കേരള പഞ്ചായത്തി രാജ് നിയമത്തിലെ 235എഎ(1) വകുപ്പ് പ്രകാരം ഏതെങ്കിലും വ്യക്തി ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ ആ വ്യക്തിക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയ്യതി മുതൽ ആ കെട്ടിടം പൊളിച്ച് മാറ്റുന്ന തിയ്യതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നെങ്കിൽ ഒടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക പ്രസ്തുത വ്യക്തിയിൽ നിന്നും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. എന്നാൽ മേൽ കെട്ടിടത്തിന് നിർമ്മാണം പൂർത്തിയാക്കിയ മുതൽ മേൽ സൂചിപ്പിച്ച പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ് ചെയ്യുന്നതിനോ ഈടാക്കുന്നതിനോ ആവശ്യമായ നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല. പരിശോധനയ്ക്ക് ഹാജരാക്കിയ രേഖകൾ പ്രകാരം 2016 ഒക്ടോബർ മാസം മുതൽ മേൽ പരാമർശിച്ച കെട്ടിടം പ്രവർത്തിച്ച

വരുന്നതായി കാണുന്നു. ആയതിനാൽ പ്രസ്തുത വർഷം മുതലുള്ള വസ്തുനികുതി താഴെ പറയും പ്രകാരം ഈടാക്കേണ്ടതാണ്.

| | |
|---|---|
| വസ്തുനികതി നിരക്ക് | 50/- രൂപ |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | 576.02 ച.മീ |
| അടിസ്ഥാന വസ്തുനികുതി (576.02x50) | 28,801/- രൂപ |
| വർദ്ധനവ് (35%) (വഴി, തറനിർമ്മിതി) | 10,080/- രൂപ |
| ആകെ | 38,881/- രൂപ |
| ലൈബ്രറി സെസ്സ് (+5%) | 1,944/- രൂപ |
| ഒരു വർഷത്തെ വസ്തുനികുതി | 40,825/- രൂപ |
| പിഴയോട് കൂടിയ വസ്തുനികുതി (40825x3) | 1,22,475/- രൂപ |

മേൽ രീതിയിൽ 2016 ഒക്ടോബർ മുതൽ പിഴയോട് കൂടിയ വസ്തുനികുതി ഈടാക്കി അറിയിക്കേണ്ടതാണ്. കൂടാതെ അനധികൃതമായി പ്രവർത്തിച്ചുവരുന്ന മേൽ കെട്ടിടത്തിനാവശ്യമായ പാർക്കിംഗ് സൗകര്യം ലഭ്യമാക്കി ക്രമവത്കരിക്കുകയോ, അല്ലാത്തപക്ഷം പൊളിച്ച് മാറ്റുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-13 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകങ്ങൾ

ചെങ്ങോട്ടുകാവ് പഞ്ചായത്തിൽ 2019-20 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികൾ പരിശോധിച്ചു. കണ്ടെത്തിയ അപാകങ്ങൾ താഴെപ്പറയുന്നു.

### 1-13-1 തിയ്യതി രേഖപ്പെടുത്താതെ പൊതുമരാമത്ത് കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നല്കുന്നു.

ടെണ്ടർ മുഖേന തെരഞ്ഞെടുക്കുന്ന കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകേണ്ടതാണെന്ന് 2012 ലെ പുതുക്കിയ കേരള പി.ഡബ്ള്യു.ഡി. മാന്വൽ സെക്ഷൻ 2009.6 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട് .

സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസങ്ങൾക്കുള്ളിൽ ഈ കരാറുകാർ തദ്ദേശ സ്വയം ഭരണ സ്ഥാപനവുമായി കരാർ ചമക്കേണ്ടതുണ്ട് .

എന്നാൽ കരാറുകാർക്ക് നല്കുന്ന സെലക്ഷൻ നോട്ടീസിൽ തിയ്യതിയോ, കൈപ്പറ്റ് തിയ്യതിയോ രേഖപ്പെടുത്തുന്നില്ല എന്ന് കാണുന്നു. ഇതുകാരണം കരാർ ചമക്കുന്നതിനുള്ള നിർദ്ദിഷ്ട കാലയളവ് പരിധി കരാറുകാർ പാലിക്കുന്നുണ്ടോ എന്ന് മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഒരു ഉദാഹരണം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 148/2020 |
| പ്രോജക്ട് | ചാമപ്പറമ്പിൽ മുത്തുബസാർ റോഡ് |
| ചെലവഴിച്ച തുക | 2 ലക്ഷം രു |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| കരാറുകാരൻ | ഒ.എം.ശിവദാസൻ |
| ടെണ്ടർ, ഭരണസമിതി അംഗീകരിച്ച തിയ്യതി | 18.08.2018 (തീരുമാനം നമ്പർ 195/18) |
| എഗ്രിമെന്റ് നമ്പർ, തിയ്യതി | എഇ/12/18-19 തിയ്യതി 25.09.2018 |

ടെണ്ടർ അംഗീകരിച്ച് ഒരു മാസത്തിലധികം വൈകിയാണ് ഇവിടെ എഗ്രിമെന്റ് ഒപ്പിട്ടത്. സെലക്ഷൻ നോട്ടീസിൽ തിയ്യതികൾ രേഖപ്പെടുത്താത്തതിനാൽ കരാർ ഒപ്പിട്ടതിൽ കാലതാമസം വന്നിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല .

ഇത്തരം അപാകങ്ങൾ ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-13-2(I) പൊതുമരാമത്ത് കരാർ ഒപ്പിടുന്നതിൽ കാലതാമസം.

താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ കരാർ ഒപ്പിടുന്നതിൽ കാലതാമസം വന്നിട്ടുണ്ടെങ്കിലും നിയമാനുസൃതമായ പിഴ കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

(I)

| | |
|---|---|
| പ്രോജക്ട് നമ്പർ | 183/20 |
| പ്രോജക്ട് | ചേരേടത്ത് കുനി ഫുട്പാത്ത് |
| ചെലവഴിച്ച തുക | 123874 രൂപ |
| ട്രഷറി ബിൽ നമ്പർ ,തിയ്യതി,തുക | 60/16.03.2020, 123874 രൂപ |
| സെലക്ഷൻ നോട്ടീസ് തിയ്യതി | 26.11.2018 |
| കരാർ നമ്പർ, തിയ്യതി | എഇ/43/18-19 തിയ്യതി 31.12.2018 |
| കരാറുകാരൻ | നിർജാസ്. പി |
| എം.ബുക്ക് നമ്പർ | 199/18-19 |
| പൂർത്തീകരിച്ച പ്രവൃത്തി മൂല്യം | 123874 രൂപ |
| പി.എ.സി. തുക | 141037 രൂപ |
| ഈടാക്കേണ്ട പിഴ | 1410 രൂപ |

1-13-2(II) പൊതുമരാമത്ത് കരാർ ഒപ്പിടുന്നതിൽ കാലതാമസം.

| | |
|---|---|
| പ്രോജക്ട് നമ്പർ | 188/20 |
| പ്രോജക്ട് | മനത്താനത്ത് താഴെ - കല്ലോപ്പൊയിൽ താഴെ റോഡ്. രണ്ടാംഘട്ടം |
| ചെലവഴിച്ച തുക | 93449 രൂപ |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| ട്രഷറി ബിൽ നമ്പർ, തിയ്യതി ,തുക | 59, 16.03.2020, 93449 രൂപ |
| #സെലക്ഷൻ നോട്ടീസ് തിയ്യതി | 26.11.2018 |
| കരാറുകാരൻ | നിർജാസ് .പി |
| കരാർ നമ്പർ ,തിയ്യതി | എഇ/44/18-19 തിയ്യതി 31.12.2018 |
| പി.എ.സി തുക | 99235 രൂപ |
| ഈടാക്കേണ്ട പിഴ | 992 രൂപ |

(#കരാറുകാരൻ ഒപ്പിട്ട് കൈപ്പറ്റിയതായി സെലക്ഷൻ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കൈപ്പറ്റ് തിയ്യതി രേഖപ്പെടുത്തിയിട്ടില്ല).

2012 ലെ പുതുക്കിയ കേരള സ്റ്റേറ്റ് പി.ഡബ്ള്യു.ഡി മാന്വൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത് പോസ്റ്റൽ ആയി അയക്കുമ്പോൾ, രജിസ്റ്റർ ചെയ്ത തിയ്യതി പോലും കരാറുകാരൻ നോട്ടീസ് കൈപ്പറ്റിയ തിയ്യതിയായി കണക്കാക്കുന്നതാണ്. ഇവിടെ സെലക്ഷൻ നോട്ടീസ് തിയ്യതിക്ക് ഒരാഴ്ചക്കു ശേഷം പോസ്റ്റൽ ആയി അയച്ചാൽ പോലും കരാർ ഒപ്പിടുന്നതിൽ കാലതാമസം വന്നതായി കാണാം. നോട്ടീസ് കൈപ്പറ്റിയ തിയ്യതി മുതൽ 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുകാരൻ പഞ്ചായത്തുമായി കരാർ ചമക്കേണ്ടതുണ്ട്. കരാർ വെച്ചില്ലെങ്കിൽ 2012 ലെ പുതുക്കിയ കേരള പി.ഡബ്ള്യു.ഡി മാന്വൽ - സെക്ഷൻ 2009.6 പ്രകാരമുള്ള പിഴ (പി.എ.സി തുകയുടെ 1%,

കുറഞ്ഞത് 1000 രൂപ, പരമാവധി 25000 രൂപ ) ഈടാക്കേണ്ടതുണ്ട് . പിഴയോട് കൂടിയ 10 ദിവസത്തിനു ശേഷവും കരാർ വെച്ചില്ലെങ്കിൽ കരാർ റദ്ദാക്കണമെന്നും മാന്വൽ അനുശാസിക്കുന്നു .

2402/- രൂപ പിഴ (1410 രൂ + 992 രൂ ) കരാറുകാരനിൽ നിന്നോ സാധ്യമാകാത്ത പക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കേണ്ടതാണ്.

<u>1-13-3(I) പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം - കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല.</u>

താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ടെങ്കിലും 2012 ലെ പുതുക്കിയ കേരള പി.ഡബ്ള്യു.ഡി മാന്വൽ സെക്ഷൻ 2112 പ്രകാരമുള്ള പിഴ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല. പ്രവൃത്തി ദീർഘീകരണത്തിന് കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖാന്തരം അപേക്ഷ സമർപ്പിച്ചതായും കാണുന്നില്ല. കരാറുകാരന്റെ പിഴവ് മൂലം പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടി വരുമ്പോൾ കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന അപേക്ഷ സമർപ്പിക്കണം. ഈ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി പി.എ.സി. തുകയുടെ 1% പിഴ ഈടാക്കി പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത് ) ഒറ്റത്തവണ ദീർഘിപ്പിച്ച് നല്കാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുമ്പോൾ 2% പിഴയാണ് ഈടാക്കേണ്ടത്. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% -ൽ അധികമാകുവാനും പാടുള്ളതല്ല. പിഴ ഈടാക്കാനുള്ള മരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 196/20 |
| പ്രോജക്റ്റ് | കോളൂർക്ഷേത്രം -അറോറകുനി ലിങ്ക് റോഡ് പൂർത്തീകരണം. |
| ചെലവഴിച്ച തുക | 90935 രൂപ<br>(2017-18 , 2019-20 വർഷങ്ങളിൽ) |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| ട്രഷറി ബിൽ നമ്പർ ,തിയ്യതി , തുക | നമ്പർ ഇല്ല / 27.03.2018, 58616 രൂ,<br>50 / 16.12.2019, 32319 രൂ |
| ടി.എസ് നമ്പർ | 56339 /18-19 |
| ടി.എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി | 6 മാസം |
| എഗ്രിമെന്റ് നമ്പർ ,തിയ്യതി | എഇ/15/18-19 തിയ്യതി 25.09.2018 |
| സൈറ്റ് കൈമാറിയ തിയ്യതി | 04.10.2018 |
| എം.ബുക്ക് നമ്പർ | 285 /17-18 |
| എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | 11.10.2019 |
| കരാറുകാരൻ | ഒ.എം.ശിവദാസൻ |
| പി.എ.സി തുക | 98221 രൂ |
| ഈടാക്കേണ്ട പിഴ<br>(പി.എ.സി തുകയുടെ 3%) | 2947 രൂ |

<u>1-13-3(Ii) പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം - കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല.</u>

| | |
|---|---|
| പ്രോജക്ട് നമ്പർ | 185/20 |
| പ്രോജക്ട് | പരപ്പിൽകുനി - കാന്ത്യാപറമ്പത്ത് റോഡ് |
| ചെലവഴിച്ച തുക | 3 ലക്ഷം രൂ |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| ട്രഷറി ബിൽ നമ്പർ, തിയ്യതി, തുക | 52 / 18.01.2020, 3 ലക്ഷം രൂപ |
| ടി.എസ് നമ്പർ | 20065 / 18-19 |
| ടി.എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി | 8 മാസം |
| എഗ്രിമെന്റ് നമ്പർ ,തിയ്യതി | എഇ / 11 /18-19 തിയ്യതി 25.09.2018 |
| സൈറ്റ് കൈമാറിയ തിയ്യതി | സൈറ്റ് കൈമാറിയ രേഖ ഫയലിൽ ഇല്ല. |
| എം.ബുക്ക് നമ്പർ | 182 / 18-19 |
| എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | 11.10.2019 |
| കരാറുകാരൻ | ഒ.എം. ശിവദാസൻ |
| പി.എ.സി തുക | 299194 രൂ |
| ഈടാക്കേണ്ട പിഴ | 8976 രൂ |

11923/- രൂ പിഴ (2947+8976) അതാത് കരാറുകാരിൽ നിന്നോ അതിന് സാധ്യമാകാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്.

<u>1-13-4 അഡീഷനൽ പെർഫോർമൻസ് ഗ്യാരന്റി നിർദ്ദിഷ്ട നിരക്കിൽകരാറുകാരനിൽ നിന്നും ഈടാക്കിയില്ല.</u>

17.12.2019 തിയ്യതിയിലെ ജി.ഒ. (പി)168/2019/ഫിൻ നമ്പർ ഉത്തരവ് പ്രകാരമുള്ള അഡീഷനൽ പെർഫോർമൻസ് ഗ്യാരണ്ടി ഈടാക്കാതെ പൊതുമരാമത്ത് കരാറുകൾ നടപ്പാക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 95/20 |
| പ്രോജക്ട് | അങ്കണവാടികളുടെ പെയിന്റിങ് |
| ചെലവഴിച്ച തുക | 97203 രൂ (First Part Bill ) |
| ട്രഷറി ബിൽ നമ്പർ, തിയ്യതി, തുക | 65/16.03.2020, 97203 രൂ |
| ടെണ്ടർ കുറവ് | എസ്റ്റിമേറ്റ് നിരക്കിൽ നിന്നും14.9 ശതമാനം താഴെ |
| എസ്റ്റിമേറ്റ് നമ്പർ | 2019/109057 |
| എസ്റ്റിമേറ്റ് പ്രകാരമുള്ള പി.എ.സി തുക | 344244 രൂ |
| ഈടാക്കേണ്ട അഡി.പെർഫോർമൻസ് ഗ്യാരന്റി | (14.9-10)% Of Estimate P.A.C = 16868 രൂ |
| ഈടാക്കിയത് | 13000 രൂ മൂല്യത്തിനുള്ളത് മാത്രം |
| കരാറുകാരൻ | ടി.കെ.സത്യൻ |

വിശദീകരണം നല്കേണ്ടതാണ് .

1-13-5(I) ജി.എസ്.ടി ഈടാക്കിയില്ല.

സ.ഉ. (അച്ചടി)87/2017/തസ്വഭവ തിയ്യതി 01.11.2017 പ്രകാരം എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും 01.07.2017 ന് ശേഷം പൂർത്തിയാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ നല്കുമ്പോൾ 2% ജി.എസ്.ടി. കിഴിവ് വരുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിരുന്നു. പിന്നീട് ജി.എസ്.ടി ബാധകമാകുന്ന തിയ്യതി 1.10.2018 ആയി പുനർനിർണയിച്ചു. 01.10.2018 തിയ്യതി മുതൽ ഒറ്റ കോൺട്രാക്ടിൽ രണ്ടര ലക്ഷത്തിന് മുകളിലുള്ള വർക്കുകളുടെ ബില്ലിൽ നിന്നും 2 ശതമാനം ജി.എസ്.ടി, ടി.ഡി.എസ് ഇനത്തിൽ ഈടാക്കേണ്ടതുണ്ട്. CBEC Circular No.65/39/2018-DOR Dated 14.09.2018). എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ ജി.എസ്.ടി ഈടാക്കാതെയാണ് കരാറുകാർക്ക് തുക നല്കിയത്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 161/20 |
| പ്രോജക്ട് | എളാട്ടേരി കയർ സൊസൈറ്റി റോഡ് |
| പൂർത്തീകരിച്ച പ്രവൃത്തി മൂല്യം | 568964 രൂ |
| എം.ബുക്ക് നമ്പറുകൾ | 227/17-18, 226/17-18,160/18-19 |
| പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | 25.03.2019 |
| ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | 70/17-18, 31.03.2018, 370410 രൂ(ആദ്യത്തെ പാർട്ട്ബിൽ),<br>12/19-20, 05.04.2019,157397(ഫൈനൽ ബിൽ) |
| പാർട്ട് ബില്ലിൽ പൂർത്തീകരിച്ച പ്രവൃത്തി മൂല്യം | 411567 രൂ |
| പാർട്ട് ബില്ലിൽ നിന്നും ഈടാക്കിയത് | 4116 രൂ (ഐ.ടി) ,<br>4116 രൂ (കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം) |
| ഫൈനൽ ബില്ലിൽ പൂർത്തീകരിച്ച പ്രവൃത്തിമൂല്യം | 157397 രൂ |
| ഫൈനൽ ബില്ലിൽ ഈടാക്കിയത് | 1574 രൂ(ഐ.ടി). 1574രൂ(കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം) |
| ഈടാക്കേണ്ട ജി.എസ്.ടി | 11379 രൂ ( പൂർത്തീകരിച്ച ആകെ പ്രവൃത്തി മൂല്യത്തിന്റെ 2%) |
| ഈടാക്കിയ ജി.എസ്.ടി (ഫൈനൽ ബില്ലിൽ നിന്നു മാത്രം) | 3148 രൂ |
| കുറവ് | 8231 രൂ |
| കരാറുകാരൻ | ഒ.കെ.മോഹനൻ |

1-13-5(Ii) ജി.എസ്.ടി ഈടാക്കിയില്ല.

(Ii)

| | |
|---|---|
| പ്രോജക്ട് നമ്പർ | 162/20 |
| പ്രോജക്ട് | സിതാരമുക്ക് -ജുമാമസ്ജിദ് റോഡ് |
| പൂർത്തീകരിച്ച പ്രവൃത്തി മൂല്യം | 329207 രൂ |
| എം.ബുക്ക് നമ്പറുകൾ | 158/18-19 , 179/17-18 |
| പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | 21.03.2019 |
| ട്രഷറി ബിൽ നമ്പർ, തിയ്യതി, തുക | 47/17-18,19.03.2018, 258104 രൂ<br>(ആദ്യത്തെ പാർട്ട് ബിൽ- CFCgrant), |

| | |
|---|---|
| | 14/19-20,05.04.2019, 43060 രൂ<br>(ഫൈനൽ ബിൽ -MG(R)) |
| പാർട്ട് ബില്ലിൽ പൂർത്തീകരിച്ച പ്രവൃത്തി മൂല്യം | 286147 രൂ |
| പാർട്ട് ബില്ലിൽ നിന്നും ഈടാക്കിയത് | 2861 രൂ (ഐ.ടി),<br>2861 രൂ (കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം) |
| ഫൈനൽ ബില്ലിൽ പൂർത്തീകരിച്ച പ്രവൃത്തിമൂല്യം | 43060 രൂ |
| ഫൈനൽ ബില്ലിൽ ഈടാക്കിയത് | 431 രൂ (ഐ.ടി),431 രൂ (കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം) |
| ഈടാക്കേണ്ട ജി.എസ്.ടി | 6584 രൂ (329207 രൂ പ്രവൃത്തിമൂല്യത്തിന്റെ 2%) |
| ഈടാക്കിയ ജി.എസ്.ടി (ഫൈനൽ ബില്ലിൽ നിന്നു മാത്രം) | 862 രൂ |
| ജി.എസ്.ടി ഈടാക്കിയതിൽ കുറവ് | 5722 രൂ |
| കരാറുകാരൻ | റഫീഖ്.പി |

ജി.എസ്.ടി. ഈടാക്കുന്നതിൽ കുറവ് വന്നത് ഈടാക്കി അടവ് വരുത്തി അറിയിക്കേണ്ടതാണ് .

<u>1-13-6 ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല – പൂർത്തീകരിക്കുന്ന പ്രവൃത്തികൾ പഞ്ചായത്തിന്റെ ആസ്തികളിൽ തന്നെയാണോ എന്നത് ഉറപ്പ് വരുത്താൻ കഴിയുന്നില്ല .</u>

താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 174/20 |
| പ്രോജക്ട് | പാറക്കുളം ജലസംഭരണി |
| ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും വകയിരുത്തിയ തുക | 2 ലക്ഷം രൂ |
| ബ്ലോക്ക് ഫണ്ടിൽ നിന്നും വകയിരുത്തിയ തുക | 3 ലക്ഷം രൂ |
| പൂർത്തീകരിച്ച പ്രവൃത്തി മൂല്യം | 445390 രൂ |
| എം.ബുക്ക് നമ്പറുകൾ | 189/18-19,213/18-19,218/18-19 |

2019-20 വർഷത്തിൽ ഈ പ്രോജക്ടിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കിയതായി മനസ്സിലാക്കുന്നു. Hard Rock Excavation, പാറക്കുളത്തിന് ചുറ്റും കോൺക്രീറ്റ് നടപ്പാത, കൂടുതലുള്ള വെള്ളം ഒലിച്ചു പോകുന്നതിന് നീർച്ചാൽ, മരം കൊണ്ടുള്ള ഷട്ടർ എന്നിവയാണ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ. നടപ്പാതക്ക് കൈവരി എന്നത് പ്രോജക്ട് നമ്പർ 195/20 ആയാണ് നടപ്പാക്കിയത്. ഈ ഇനത്തിൽ 29028/- രൂപ 2019-20 വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട് (ട്രഷറി ബിൽ നമ്പർ 75/28.02.2020). എന്നാൽ ആസ്തി രജിസ്റ്റർ

കാലികമാക്കാത്തതിനാൽ പാറക്കുളം പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടതാണോ എന്നത് പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

## 1-14 തെരുവ് വിളക്കുകളുടെ പരിപാലനം - അപാകങ്ങൾ

2019-20 വർഷത്തിൽ ചെങ്ങോട്ടുകാവ് പഞ്ചായത്തിൽ നിന്നും തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് ഇനത്തിൽ കെ.എസ്.ഇ.ബി. യിൽ അടച്ച തുകകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| ക്രമ നമ്പർ | വൗച്ചർനമ്പർ / തിയ്യതി | ഇനം | തുക (രൂ) |
|---|---|---|---|
| 1. | 034/25.04.19 (ബിൽ രജിസ്റ്റർ പ്രകാരം) | തെരുവ്-വിളക്കുകളുടെ വൈദ്യുതചാർജ്ജ്-4/19 (കൺസ്യൂമർ നമ്പർ 18517) | 68071 |
| 2. | 21900057/13.05.19 | തെരുവ്-വിളക്കുകളുടെ വൈദ്യുതചാർജ്ജ് -5/19 (കൺസ്യൂമർ നമ്പർ 18517) | 68407 |
| 3. | 21900136/12.06.19 | തെരുവ്-വിളക്കുകളുടെ വൈദ്യുതചാർജ്ജ്-6/19 (കൺസ്യൂമർ നമ്പർ 18517) | 68071 |
| 4. | 21900185/09.07.19 | തെരുവ്-വിളക്കുകളുടെ വൈദ്യുതചാർജ്ജ് -7/19 (കൺസ്യൂമർ നമ്പർ 18517) | 68071 |
| 5. | 21900256/12.08.19 | തെരുവ്-വിളക്കുകളുടെ വൈദ്യുതചാർജ്ജ്-8/19 (കൺസ്യൂമർ നമ്പർ 18517) | 74264 |
| 6. | 21900353/20.09.19 | തെരുവ്-വിളക്കുകളുടെ വൈദ്യുതചാർജ്ജ്-9/19 (കൺസ്യൂമർ നമ്പർ 18517) | 74952 |
| 7. | 21900410/18.10.19 | തെരുവ്-വിളക്കുകളുടെ വൈദ്യുതചാർജ്ജ് -10/19 (കൺസ്യൂമർ നമ്പർ 18517) | 75051 |
| 8. | 21900494/08.11.19 | തെരുവ്-വിളക്കുകളുടെ വൈദ്യുതചാർജ്ജ് -11/19 (കൺസ്യൂമർ നമ്പർ 18517) | 74952 |
| 9. | 21900566/21.12.19 | തെരുവ്-വിളക്കുകളുടെ വൈദ്യുതചാർജ്ജ്-12/19 (കൺസ്യൂമർ നമ്പർ 18517) | 74952 |
| 10. | 21900617/09.01.2020 | തെരുവ്-വിളക്കുകളുടെ വൈദ്യുതചാർജ്ജ് -01/20 (കൺസ്യൂമർ നമ്പർ 18517) | 74952 |
| 11. | 21900719/14.02.2020 | തെരുവ്-വിളക്കുകളുടെ വൈദ്യുതചാർജ്ജ് 02/20 (കൺസ്യൂമർ നമ്പർ 18517) | 74952 |
| 12. | 21900782/17.03.20 | തെരുവ്-വിളക്കുകളുടെ വൈദ്യുതചാർജ്ജ്-03/20 (കൺസ്യൂമർ നമ്പർ 18517) | 75825 |

ഇത് കൂടാതെ ഹൈ മാസ്റ്റ് വിളക്കുകളുടെ വൈദ്യുത ചാർജ്ജും പഞ്ചായത്തിൽ നിന്നുംഅടച്ചു വരുന്നുണ്ട് . വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| ക്രമ നമ്പർ | ബിൽ രജിസ്റ്റർ പ്രകാരം വൗച്ചർ നമ്പർ/തിയ്യതി | ഇനം | തുക (രൂ) |
|---|---|---|---|
| 1. | 100/22.05.19 | ഹൈമാസ്റ്റ് വിളക്കുകൾ-വൈദ്യുത ചാർജ്ജ് (18 എണ്ണം) | 19998 |
| 2. | 235/03.08.19 | ഹൈമാസ്റ്റ് വിളക്കുകൾ-വൈദ്യുത ചാർജ്ജ് (18 എണ്ണം) | 17846 |

| | | | |
|---|---|---|---|
| 3. | 364/03.10.19 | ഹൈമാസ്റ്റ് വിളക്കുകൾ-വൈദ്യുത ചാർജ്ജ് (18 എണ്ണം) | 20003 |
| 4. | 455/28.11.19 | ഹൈമാസ്റ്റ് വിളക്കുകൾ-വൈദ്യുത ചാർജ്ജ് (19എണ്ണം) | 21130 |
| 5. | 583/25.1.20 | ഹൈമാസ്റ്റ് വിളക്കുകൾ-വൈദ്യുത ചാർജ്ജ് (19 എണ്ണം) | 22426 |

എ4/8434/19 നമ്പർ ഫയലിലെ 30.11.19 നമ്പർ തിയ്യതിയിലെ രേഖപ്പെടുത്തൽ പ്രകാരം താഴെപ്പറയുന്ന ഇനം തെരുവ് വിളക്കുകൾക്കാണ് പഞ്ചായത്തിൽ നിന്നും വൈദ്യുതചാർജ്ജ് അടച്ചിട്ടുള്ളത് .

| ക്രമ നമ്പർ | തെരുവ് വിളക്ക് ഇനം | എണ്ണം | നിരക്ക് |
|---|---|---|---|
| 1. | 60 വാട്ട് ബൾബ് | 115 | 112 |
| 2. | സി.എഫ്.എൽ (ഓട്ടോമാറ്റിക്) | 147 | 35 |
| 3. | ഫ്ലൂറസെന്റ് ട്യൂബ് (40 വാട്ട്സ്) | 338 | 73 |
| 4. | ഫ്ലൂറസെന്റ് ട്യൂബ് (2 X 40 വാട്ട്സ്) | 65 | 147 |
| 5. | സോഡിയം വേപ്പർ (1 X 150 വാട്ട്സ്) | 27 | 294 |
| 6. | സോഡിയം വേപ്പർ (2 X 250 വാട്ട്സ്) | 30 | 492 |

തെരുവ് വിളക്ക് സംബന്ധിച്ച പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു .

1. ഇനത്തിലെ ചെലവ് ക്രമാനുഗതമായി മോണിറ്റർ ചെയ്യാനുതകുന്ന തരത്തിൽ തെരുവ് വിളക്ക് രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

2. കെ.എസ്.ഇ.ബി. അധികൃതരുമായി ചേർന്ന് തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. പരിശോധന നടത്തുന്നതിന് 30.11.2019 തിയ്യതിയിലെ 64/19 നമ്പർ തീരുമാന പ്രകാരം വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ നല്കിയിരുന്നുവെങ്കിലും പരിശോധന നടത്തിയിട്ടില്ല. പഞ്ചായത്തിന്റെ തെരുവ് വിളക്കുകളിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണ് എന്നത് സംബന്ധിച്ച് വ്യക്തതയില്ലാതെയാണ് 2019-20 വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് അടച്ചത്. വിശദീകരണം നൽകേണ്ടതാണ് .

1-15 എസ്സ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചില്ല.

1)പ്രൊജക്റ്റ് നം 1 2 /19-20

അടങ്കൽ- 200000/- (വി.ഫണ്ട്, (എസ്സ്. സി.പി)

ചെലവ്തുക- 50000/- (ബിൽനം 9/10.1.20

എസ്സ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രൊജക്ടിന്റെ ഭാഗമായി പഞ്ചായത്തിൽ 2019-20 ൽ അഭിനവ് എന്ന വിദ്യാർത്ഥിയ്ക്ക് മേൽ സൂചിപ്പിച്ച പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത വിദ്യാർത്ഥി 2019-20 വർഷം നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

നിർമ്മാണം പൂർത്തിയാക്കിയതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1-16 ബഡ്സ്റീഹാബിലിറ്റേഷൻ സെന്റർ- അടിസ്ഥാന സൗകര്യം ഇല്ല

പ്രൊജക്ട് നം 223 /19-20

അടങ്കൽ - 130500 (വി.ഫ)

ബിൽനം/തുക - 4 / 14.10.19 / -26968/- രൂപ

8/10.1.20/ 29658

12 /10.3.20 /12737

ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിലെ ഏഴാംവാർഡിൽ പ്രവർത്തിക്കുന്ന ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലേയ്ക്ക് 19-20 സാമ്പത്തിക വർഷത്തിൽ മേൽസൂചിപ്പിച്ച പ്രകാരം 69363/- രൂപ പദ്ധതിയ്ക്ക് ചെലവ് വന്നിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. സ്ഥാപനത്തിന്റെ ഗുണനിലവാര ക്രമീകരണ ചുമതലയുള്ള എെ.സി.ഡി.എസ്. സൂപ്പർവൈസർ 26-9-19ൽ സെന്റർ സന്ദർശിച്ചിട്ടുള്ള റിപ്പോർട്ടിലും ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 3-10-19-ലെ റിപ്പോർട്ടിലും കെട്ടിടത്തിന്റെ ശോചനീയാവസ്ഥയെ കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. മാർച്ച് മാസത്തിലെ അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം 22 കുട്ടികളെ രജിസ്റ്ററിൽ ചേർത്തിരുന്നെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് കാരണം പകുതിയോളം കുട്ടികൾ മാത്രമാണ് ഹാജരാവുന്നുള്ളൂ എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ.ഉ.(എം.എസ്സ്).നം 20/2018/ത.സ്വ.ഭ.വ തി.7.2.18 ലെ ഉത്തരവിൽ കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യങ്ങളായ ഒാഡിയോളജിമുറി, ക്ലാസ് മുറികൾ, ഫിസിയോ തെറാപ്പി മുറി, ശുചിമുറികൾ, ഒക്യുപേഷണൽ തെറാപ്പി & കൗൺസിലിംങ് മുറി, വോക്കേഷണൽ പരിശീലന മുറി, അടുക്കള മുതലായവ ഉറപ്പുവരുത്താൻ നിർദ്ദേശിക്കുന്നു. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ ബാത്ത്റൂം ശരിയായി പ്രവർത്തിക്കാത്തതായും, അടുക്കളയ്ക്ക് പ്രത്യേക സൗകര്യമില്ലാത്തതും, മറ്റ് സൗകര്യങ്ങളുടെ കുറവും സൂചിപ്പിക്കുന്നു 19-20 സാമ്പത്തിക വർഷത്തിൽ ആയയുടെ ഹോണറേറിയം, അന്തേവാസികൾക്ക് ഭക്ഷണം എന്നിവയ്ക്കാണ് തുക നൽകിയിരിക്കുന്നത്. കൂടാതെ അസി.സെക്രട്ടറിനിർവഹണഉദ്യോഗസ്ഥനായിപ്രസ്തുത സെന്ററിലേയ്ക്ക് കളിപ്പാട്ടം ലഭ്യമാക്കൽ എന്ന പ്രൊജക്ട് 2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും സെന്റർ ശരിയായ രീതിയിൽ പ്രവർത്തിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-17 അങ്കണവാടി പ്രവർത്തകർക്ക് ഹോണറേറിയം. വിശദ വിവരങ്ങൾ ലഭ്യമാക്കിയില്ല.

പ്രോജക്ട് നമ്പർ : 231/ 19-20

അടങ്കൽ : 7,88,400/-രൂപ, വികസനഫണ്ട് ജനറൽ

ചെലവ് : 7,88,400/- രൂപ, ബിൽ നം.7/19-20/10.1.20

ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിലെ 27 അങ്കണവാടികളിലെ ജീവനക്കാർക്ക് ഓണറേറിയം നൽകുന്നതിനു വേണ്ടിയുള്ള പ്രോജക്ട് മേൽ സൂചിപ്പിച്ച ബിൽ പ്രകാരം തുക ബന്ധപ്പെട്ട വകുപ്പിന് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. എത്ര ജീവനക്കാർക്ക് എത്ര മാസങ്ങളിലെ തുകയാണിത് എന്നതിന്റെ കണക്കും, ബന്ധപ്പെട്ട വകുപ്പിൽ നിന്നും തുക ആവശ്യപ്പെട്ടതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭിച്ചില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-18 ഹരിതകേരള മിഷന്റെ ലക്ഷ്യങ്ങൾ നിറവേറ്റപ്പെടുന്നില്ല.

ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ കൃഷി ഒാഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിന്റെ സമഗ്രവികസനം ലക്ഷ്യംവച്ച് 19-20ൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ വിജയിച്ചിട്ടില്ല എന്നു കാണുന്നു. പദ്ധതിരേഖ, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ പരിശോധിച്ചതിൽ കർഷകർ പാരമ്പര്യ

കൃഷി സമ്പ്രദായം തന്നെ തുടർന്ന് വരുന്നതായി സൂചിപ്പിച്ചിട്ടുണ്ട്. തോടുകൾ, കുളങ്ങൾ എന്നിവയുടെ നവീകരണത്തിലൂടെ കൃഷി വിപുലമാക്കാൻ വർക്കിംഗ് ഗ്രൂപ്പിൽ നിർദ്ദേശിക്കുന്നുണ്ടെങ്കിലും അവ പ്രോജക്ട് രൂപീകരിച്ച് നടപ്പിലാക്കുന്നതിൽ വിജയിച്ചിട്ടില്ല എന്നു കാണുന്നു. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം, പഞ്ചായത്തിൽ 110 ഹെക്ടർ തരിശുഭൂമിയുണ്ട്. അതിൽ കൃഷിയോഗ്യമായ 25 ഹെക്ടർ മുഴവൻ പ്രയോജനപ്പെടുത്തി കൃഷി വിപുലമാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. ഹരിത കേരള മിഷന്റെ ഭാഗമായുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണം, തരിശു കിടക്കുന്ന കൃഷിയിടങ്ങൾ ഏറ്റെടുത്ത് കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിച്ചിട്ടില്ല. അതുകൊണ്ടു തന്നെ ഹരിത കേരള മിഷന്റെ ലക്ഷ്യങ്ങൾ മുഴവൻ നിറവേറ്റുന്നതിൽ പഞ്ചായത്ത് വിജയം കൈവരിച്ചിട്ടില്ല എന്നു കാണുന്നു. പഞ്ചായത്തിൽ കൃഷിയുടെ സമഗ്രമായ വികസനം ലക്ഷ്യം വച്ച് പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 കൃഷി മോണിറ്റർ ചെയ്യപ്പെടുന്നില്ല.

പ്രോജക്ട് നം 42,43

ഇടവിളകൃഷിക്ക് നടീൽവസ്തുക്കൾ നൽകൽ (വനിത), (ഗ്രൂപ്പ് )

ബിൽനം/തുക . 11/30.1.21, 350000/- രൂപ (വി.ഫ)

10/30.1.21 . 18750 ടി

ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിൽ 2019-20സാമ്പത്തികവർഷത്തിൽ കൃഷിഓഫീസർ ഇടവിള കൃഷിയ്ക്ക് നടീൽവസ്തുക്കൾ നൽകൽ എന്ന പ്രോജക്ട് വനിതകൾക്കും, 5 പേരടങ്ങുന്ന 25 ഗ്രൂപ്പുകൾക്കുമായി നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി V.F.P.C.K താമരശ്ശേരിയിൽനിന്നും 350 രൂപയുടെ കിറ്റ് 1000 വനിതകൾക്കും, 750 രൂപയുടെ കിറ്റ് 25 ഗ്രൂപ്പുകൾക്കുമായി നൽകിയിട്ടുണ്ട്. ഇവ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതല്ലാതെ തുടർ മോണിറ്ററിംങ് നടത്തിയിട്ടില്ല. അതുകൊണ്ടു തന്നെ പ്രൊജക്റ്റിന്റെ ലക്ഷ്യം എത്രത്തോളം കൈവരിക്കുന്നു എന്ന് വ്യക്തമല്ല. 3.1.20ലെ കൃഷിയുടെ വർക്കിംഗ് ഗ്രൂപ്പ് മിനട്സിൽ ഇടവിള കൃഷി മോണിറ്റർ ചെയ്യേണ്ട ആവശ്യകതയെകുറിച്ച് പ്രതിപാദിക്കുന്നുണ്ട്. മേൽ അപാകതകൾ പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-20 കെൽട്രോണിൽനിന്നും സമയപരിധിക്കകം കമ്പ്യൂട്ടർ - അനുബന്ധ ഉപകരണങ്ങൾ എന്നിവ ലഭ്യമാവുന്നില്ല

ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി, ഫിഷറീസ് സബ് ഇൻസ്പെക്ടർ എന്നീ നിർവഹണ ഉദ്യോഗസ്ഥർ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, ലാപ് ടോപ്പ് എന്നിവയ്ക്ക് വേണ്ടി പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട്. ഇതിൽ താഴെ പറയുന്ന അപാകതക കാണുന്നു.

## 1-20-1 കമ്പ്യൂട്ടർ - അനുബന്ധ ഉപകരണങ്ങൾ എന്നിവ ലഭ്യമാവുന്നില്ല

1. സെക്രട്ടറി (പ്രൊജക്ട് നം. 33/19-20/ബിൽ നം. 20/27-1-20 /തുക 210735 ) പ്രകാരം 5 കമ്പ്യൂട്ടർ, 2 പ്രിന്റർ എന്നിവയ്ക്ക് വേണ്ടി കെൽട്രോണിന് തുക കൈമാറിയിട്ടുണ്ട് സെക്രട്ടറി 10-8-20, 8-8-20 എന്നീ തിയ്യതികളിൽ ഇവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കെൽട്രോണിന് കത്ത് നൽകിയിട്ടുണ്ട്.

## 1-20-2 കമ്പ്യൂട്ടർ - അനുബന്ധഉപകരണങ്ങൾ എന്നിവ ലഭ്യമാവുന്നില്ല

2. ഫിഷറീസ് സബ് ഇൻസ്പെക്ടർ 5 ലാപ് ടോപ്പ് (പ്രോജക്ട് നം. 66/19-20/ ബിൽ നം. 3/6.1.20/ തുക 138610/-) എന്നിവയ്ക്ക് വേണ്ടി തുക കൈമാറിയിട്ടുണ്ട്. ഫിഷറീസ് സബ് ഇൻസ്പെക്ടർ, നടപ്പിലാക്കിയ ലാപ് ടോപ്പ് വിതരണം എന്ന പ്രോജക്ട് മത്സ്യത്തൊഴിലാളികളിലെ അർഹരായ വിദ്യാർത്ഥികൾക്കുള്ളതാണ്. മേൽ സൂചിപ്പിച്ച രണ്ട് പ്രൊജക്ടിലും നിശ്ചിത കരാർ കാലാവധിക്കുള്ളിൽ അവ ലഭ്യമാക്കുന്നതിൽ ഏജൻസി വിജയിച്ചിട്ടില്ല. വിദ്യാർത്ഥികൾക്കുള്ള പ്രോജക്ടിന്റെ കാര്യത്തിൽ

ഇവ ലഭിക്കാനുള്ള കാലതാമസം പ്രൊജക്ടിന്റെ ലക്ഷ്യത്തെ തന്നെ ബാധിക്കുന്നു. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1(I) പൊതുമരാമത്ത് കരാർ ഒപ്പിടുന്നതിൽ കാലതാമസം.

താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ കരാർ ഒപ്പിടുന്നതിൽ കാലതാമസം വന്നിട്ടുണ്ടെങ്കിലും നിയമാനുസൃതമായ പിഴ കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

(I)

| | |
|---|---|
| പ്രോജക്ട് നമ്പർ | 183/20 |
| പ്രോജക്ട് | ചേരേടത്ത് കുനി ഫുട്പാത്ത്. |
| ചെലവഴിച്ച തുക | 123874 രൂപ |
| ട്രഷറി ബിൽ നമ്പർ ,തിയ്യതി,തുക | 60/16.03.2020, 123874 രൂപ |
| സെലക്ഷൻ നോട്ടീസ് തിയ്യതി | 26.11.2018 |
| കരാർ നമ്പർ ,തിയ്യതി | എഇ/43/18-19 തിയ്യതി 31.12.2018 |
| കരാറുകാരൻ | നിർജാസ് .പി |
| എം.ബുക്ക് നമ്പർ | 199/18-19 |
| പൂർത്തീകരിച്ച പ്രവൃത്തി മൂല്യം | 123874 രൂപ |
| പി.എ.സി തുക | 141037 രൂപ |
| ഈടാക്കേണ്ട പിഴ | 1410 രൂപ |

1410/- രൂപ കരാറുകാരനിൽ നിന്നോ, സാധ്യമാകാത്ത പക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കേണ്ടതാണ് .

### 3-1(Ii) പൊതുമരാമത്ത് കരാർ ഒപ്പിടുന്നതിൽ കാലതാമസം.

| | |
|---|---|
| പ്രോജക്ട് നമ്പർ | 188/20 |
| പ്രോജക്ട് | മനത്താനത്ത് താഴെ - കല്ലോപ്പൊയിൽ താഴെ റോഡ്. രണ്ടാംഘട്ടം |
| ചെലവഴിച്ച തുക | 93449 രൂപ |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| ട്രഷറി ബിൽ നമ്പർ, തിയ്യതി, തുക | 59, 16.03.2020 , 93449 രൂപ |
| #സെലക്ഷൻ | 26.11.2018 |

| | |
|---|---|
| നോട്ടീസ് തിയ്യതി | |
| കരാറുകാരൻ | നിർജാസ് .പി |
| കരാർ നമ്പർ, തിയ്യതി | എഇ/44/18-19 തിയ്യതി 31.12.2018 |
| പി.എ.സി. തുക | 99235 രൂ |
| ഈടാക്കേണ്ട പിഴ | 992 രൂ |

(#കരാറുകാരൻ ഒപ്പിട്ട് കൈപ്പറ്റിയതായി സെലക്ഷൻ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കൈപ്പറ്റ് തിയ്യതി രേഖപ്പെടുത്തിയിട്ടില്ല . )

2012 ലെ പുതുക്കിയ കേരള സ്റ്റേറ്റ് പി.ഡബ്ള്യു.ഡി മാന്വൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത് പോസ്റ്റൽ ആയി അയക്കുമ്പോൾ, രജിസ്റ്റർ ചെയ്ത തിയ്യതി പോലും കരാറുകാരൻ നോട്ടീസ് കൈപ്പറ്റിയ തിയ്യതിയായി കണക്കാക്കുന്നതാണ്. ഇവിടെ സെലക്ഷൻ നോട്ടീസ് തിയ്യതിക്ക് ഒരാഴ്ചക്കു ശേഷം പോസ്റ്റൽ ആയി അയച്ചാൽ പോലും കരാർ ഒപ്പിടുന്നതിൽ കാലതാമസം വന്നതായി കാണാം. നോട്ടീസ് കൈപ്പറ്റിയ തിയ്യതി മുതൽ 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുകാരൻ പഞ്ചായത്തുമായി കരാർ ചമക്കേണ്ടതുണ്ട്. കരാർ വെച്ചില്ലെങ്കിൽ 2012 ലെ പുതുക്കിയ കേരള പി.ഡബ്ള്യു.ഡി മാന്വൽ - സെക്ഷൻ 2009.6 പ്രകാരമുള്ള പിഴ (പി.എ.സി തുകയുടെ 1% , കുറഞ്ഞത് 1000 രൂപ, പരമാവധി 25000/- രൂ ) ഈടാക്കേണ്ടതുണ്ട്. പിഴയോട് കൂടിയ 10 ദിവസത്തിനു ശേഷവും കരാർ വെച്ചില്ലെങ്കിൽ കരാർ റദ്ദാക്കണമെന്നും മാന്വൽ അനുശാസിക്കുന്നു.

992/- രൂപ കരാറുകാരനിൽ നിന്നോ സാധ്യമാകാത്ത പക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-2(l) പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം - കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല.

താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ടെങ്കിലും 2012 ലെ പുതുക്കിയ കേരള പി.ഡബ്ള്യു.ഡി മാന്വൽ സെക്ഷൻ 2112 പ്രകാരമുള്ള പിഴ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല. പ്രവൃത്തി ദീർഘീകരണത്തിന് കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖാന്തരം അപേക്ഷ സമർപ്പിച്ചതായും കാണുന്നില്ല. കരാറുകാരന്റെ പിഴവ് മൂലം പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടി വരുമ്പോൾ കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന അപേക്ഷ സമർപ്പിക്കണം. ഈ അപേക്ഷയിൽ ഭരണ സമിതിയുടെ അനുമതി വാങ്ങി പി.എ.സി. തുകയുടെ 1% പിഴ ഈടാക്കി പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുമ്പോൾ 2% പിഴയാണ് ഈടാക്കേണ്ടത്. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50%ൽ അധികമാകുവാനും പാടുള്ളതല്ല. പിഴ ഈടാക്കാനുള്ള മരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| | |
|---|---|
| പ്രോജക്ട് നമ്പർ | 196/20 |
| പ്രോജക്ട് | കോളൂർക്ഷേത്രം -അറോറകുനി ലിങ്ക് റോഡ് പൂർത്തീകരണം. |
| ചെലവഴിച്ച തുക | 90935 രൂ<br>(2017-18, 2019-20 വർഷങ്ങളിൽ) |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| ട്രഷറി ബിൽ നമ്പർ ,തിയ്യതി , തുക | നമ്പർ ഇല്ല / 27.03.2018, 58616 രൂപ |

| | |
|---|---|
| | 50 / 16.12.2019 , 32319 രൂ |
| ടി.എസ് നമ്പർ | 56339 /18-19 |
| ടി.എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി | 6 മാസം |
| എഗ്രിമെന്റ് നമ്പർ ,തിയ്യതി | എഇ/15/18-19 തിയ്യതി 25.09.2018 |
| സൈറ്റ് കൈമാറിയ തിയ്യതി | 04.10.2018 |
| എം.ബുക്ക് നമ്പർ | 285 /17-18 |
| എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | 11.10.2019 |
| കരാറുകാരൻ | ഒ.എം.ശിവദാസൻ |
| പി.എ.സി തുക | 98221 രൂ |
| ഈടാക്കേണ്ട പിഴ(പി.എ.സി തുകയുടെ 3%) | 2947 രൂ |

2947/-രൂപ കരാറുകാരിൽ നിന്നോ അതിന് സാധ്യമാകാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്.

3-2(ii) പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം - കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 185/20 |
| പ്രോജക്ട് | പരപ്പിൽകുനി - കാന്ത്യാപറമ്പത്ത് റോഡ് |
| ചെലവഴിച്ച തുക | 3 ലക്ഷം രൂ |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| ട്രഷറി ബിൽ നമ്പർ, തിയ്യതി, തുക | 52 / 18.01.2020, 3 ലക്ഷം രൂ |
| ടി.എസ്. നമ്പർ | 20065 / 18-19 |
| ടി.എസ്. പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി | 8 മാസം |
| എഗ്രിമെന്റ് നമ്പർ, തിയ്യതി | എഇ / 11 /18-19 തിയ്യതി 25.09.2018 |
| സൈറ്റ് കൈമാറിയ തിയ്യതി | സൈറ്റ് കൈമാറിയ രേഖ ഫയലിൽ ഇല്ല. |
| എം.ബുക്ക് നമ്പർ | 182 / 18-19 |
| എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | 11.10.2019 |
| കരാറുകാരൻ | ഒ.എം.ശിവദാസൻ |
| പി.എ.സി തുക | 299194 രൂ |
| ഈടാക്കേണ്ട പിഴ | 8976 രൂ |

8976/- രൂപ കരാറുകാരിൽ നിന്നോ അതിന് സാധ്യമാകാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ് .

## ഭാഗം -4

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 03.03.2021, 04.03.2021 | - |

## 4-2 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | പാലിയേറ്റിവ് കെയർ യൂണിറ്റ് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 615000 | ലൈഫ് ഭവന പദ്ധതി | 480000 | 135000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 96899 | പൊയിൽക്കാവ് ബീച്ച് കുടിവെള്ള വിതരണ പദ്ധതിക്കായി കിണർ നിർമ്മാണം | 39428 | 57471 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 260233 | കൊണ്ടംവള്ളി വി.സി.ബി നിർമ്മാണവും അനുബന്ധ പ്രവർത്തനങ്ങളും | 167072 | 93161 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | പി.എച്ച്.സി. കെട്ടിട പുനരുദ്ധാരണം | 0 | 200000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 50000 | പരപ്പിൽ കോളനി കുടിവെള്ള പദ്ധതി | 0 | 500000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 250000 | ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 0 | 250000 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | UTR600000077079787/ 17.3.2020 | 82171 | 82171 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നല്കിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ

തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ. (എം എസ്) നം 533/2010 ത.സ്വ ഭ വ തിയതി 18-02-2010 | 32,06,329 | 17,15,329 | 17,15,329 | 0 | 0 |
| ലൈഫ് ഭവന പദ്ധതി | സ.ഉ. (എം എസ്) നം 111/2018 ത.സ്വ ഭ വ തിയതി 13-08-2018 | 10960000 (തൻവർഷ വായ്പ 2880000 + മുൻബാക്കി 8080000 = 10960000) | 80,80,000 | 764706 | 0 | 10195294 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1643007 |
| തൻവർഷം നിക്ഷേപിച്ച തുക | 139656 |
| ആകെ | 1782663 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1782663 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | മേലൂർ സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 31.03.2019 | 12 മാസം | 1782663 |
| ആകെ | | | | 1782663 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | | 2003-04 | മറ്റ് പരാമർശം 11.14 | തെക്കേപ്പുറത്ത് റോഡ് പ്രവൃത്തി | തടസ്സം തുടരുന്നു |
| 2000-01 | | 2004-05 | പൊതുപരാമർശം | നികുതിപിരിവിൽ | തടസ്സം |

| | | | | | |
|---|---|---|---|---|---|
| | | | 11.1.3.8 | അലംഭാവം | തുടരുന്നു |
| 2001-02 | | 2004-05 | 11.1.5.6 | വനിത ഗ്രൂപ്പ് പച്ചക്കറികൃഷി | തടസ്സം തുടരുന്നു |
| | | 2011-12 | 3.3.6 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം | തടസ്സം തുടരുന്നു |
| | | 2011-12 | 3.3.13 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം | തടസ്സം തുടരുന്നു |
| | | 2013-14 | 6.1.2 | പെർഫോമൻസ് ഗ്രാന്റ് വിനിയോഗം | തടസ്സം തുടരുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു |
| 2015-16 | 2-7,2-8 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2005-06 | 3-5<br>3-8 (1)<br>3-8 (2) | | LF17065/ സ്പെ. സെൽ/ എസ്.സി.5 എ/09 തീ. 30.10.2009 | 8457<br>4605<br>5531 | | | | | | 8457<br>4605<br>5531 | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 56168272 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 52871773 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 14325 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

### (ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | | |
| | | | |

| | | | |
|---|---|---|---|
| 3-1(I) | -- | 1410 | ശ്രീമതി. സുമിത. കെ<br>അസി.എഞ്ചിനീയർ |
| 3-1(Ii) | -- | 992 | |
| 3-2(I) | -- | 2947 | |
| 3-2(Ii) | -- | 8976 | |
| | ആകെ | 14325 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13-5(I) | 8231 | ശ്രീ. മുരളീധരൻ.ഒ.<br>അസി. എഞ്ചിനീയർ |
| 1-13-5(Ii) | 5722 | |
| ആകെ | 13953 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. സുമിത. കെ<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ<br>ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്ത് | അംബർനാഥ് വില്ല,<br>നം.5<br>സീലോട്സ്-കാസ്സൽറോക്ക്,<br>മഠത്തിൽ മുക്ക്, ചേവായൂർ<br>673017 |
| ശ്രീ. മുരളീധരൻ.ഒ.<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ<br>പന്തലായനി ബ്ലോക്ക് പഞ്ചായത്ത് | നന്ദനം, തോട്ടത്തിൽ, മേലൂർ (പി.ഒ)<br>കൊയിലാണ്ടി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-2000 | കെ.എസ്.എ.കെ.കെ.ഡി/പി<br>13/867/2019(1)<br>തിയ്യതി-02.09.2019 | 10 | 22, 33എ, 32, 33, 34,<br>35(1),(2), 37, 38, 42, 48 |
| 2000-01 (ഡി.സി.ബി) | കെ.എസ്.എ.കെ.കെ.ഡി/പി<br>13/867/2019(1) | 9 | 7,8,9,10,11,12,13,14,15 |

| | | | |
|---|---|---|---|
| | തിയ്യതി-02.09.2019 | | |
| 2001-02 (പ്ലാൻ) | കെ.എസ്.എ.കെ.കെ.ഡി/പി 13/867/2019(1) തിയ്യതി-02.09.2019 | 1 | 8 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി/പി 13/867/2019(1) തിയ്യതി-02.09.2019 | 3 | 3-2, 3-5, 3-12 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി/പി 13/867/2019(1) തിയ്യതി-02.09.2019 | 4 | 2-1, 3-3, 3-6, 3-8 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി6/ 744/2009 തിയ്യതി.06/08/2009 | 16 | 2-2(1),2-2(2),3-1, 3-2,3-3,3-4,3-6, 3-6(1),3-6(2),3-7, 3-8,3-9,3-10,3-11, 3-12,3-13 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി6/ 877/2009 തിയ്യതി.21/05/2010 | 4 | 1ഡി,3-3,3-4(എ), 3-6 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി4/ 236/2011 തിയ്യതി.14/07/2011 | 9 | 2-1(എ) 2-4(1,2),2-4(4), 2-5,3-1,3-2,3-3, 3-5,3-7 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി4/ 813/2011 തിയ്യതി21.07.2011 | 18 | 2-4,2-5, 2-7(എ മുതൽഎഫ് വരെ), 2-8 മുതൽ 2-11വരെ, 3-1 മുതൽ 3-5 വരെ, 3-7 മുതൽ 3-11 വരെ, 3-13 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി13/ 92/2013 തിയ്യതി.11/02/2013 | 12 | 2-1,2-2,3-2,3-3, 3-4,3-5,3-6,3-7, |

| | | | |
|---|---|---|---|
| | | | 3-8,3-9,3-10,3-11 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/പി13/ 93/2013 തിയ്യതി.29/01/2013 | 12 | 3-1,3-2,3-3,3-4, 3-5, 3-6,3-7,3-8,3-9,3-10, 3-11, 3-13 |
| 2011-12& 2012-13 | എൽ.എഫ്.കെ.കെ.ഡി/പി13/ 1587/2014 തിയ്യതി-29.10.2014 | 5 | 3-3,3-6,3-7,3-9, 3-10 |
| 2013-14& 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി13/ 744/2016 തിയ്യതി.6.09.2016 | 35 | 1-8,2-1 മുതൽ 2-5 വരെ, 3-1 മുതൽ 3-20വരെ, 3-23 മുതൽ 3-29 വരെ, 3-31,4-1 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി13/ 620/2017 തിയ്യതി.19.06.2017 | 18 | 2-1,2-2, 2-3, 2-7, 2-9, 3-2,3-3,3-4,3-5, 3-7,3-9,3-10, 3-11,3-12,3-13, 3-14,3-16,3-18 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി13/ 2360/17 തീയതി-18.12.17 | 18 | 2-4,2-6, 2-7,3-3,3-4,3-5, 3-7,3-8(1,2,3,4, 5,7),3-8(8),3-9(2), 3-9(4),3-11(2),4-8 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി8/718/2020 തീയതി-20.10.2020 | 3 | 2-2, 2-6,3-12 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി8/1312/2020 തീയതി-28.12.2020 | 6 | 1-6,1-8(2),1-12,1-15(1), 1-18,1-19 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്